# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1153 — 06/06/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.വിൻസെന്റ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (എ) | സ.ഉ(എം.എസ്)നം.75/2017/തൊഴിൽ, തീയതി 15.09.2017 പ്രകാരം പുതുതായി 18 ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റിയും പുതുതായി രൂപീകരിച്ചിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ ആശുപത്രികളിലെ പരാതിപരിഹാരസെൽ പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്.<br><br>സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ.സി.ജി മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിലും തിരക്കേറിയ 50 ഇ.എസ്.ഐ ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം |

സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും, ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെകൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ്

| | | | |
|---|---|---|---|
| | | | നിയമനം.<br>• ലബോറട്ടറി നവീകരണം<br>• 8 ഡിസ്പെൻസറികളെ 6 കിടക്കകളുള്ള ഡേ കേയർ സെന്ററുകളായി ഉയർത്തുക<br>• ആംബുലൻസ് സംവിധാനം<br>• മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്<br>• പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുഷ് യൂണിറ്റ്<br>• VIBGYOR പവർ ലോൺട്രി<br>• ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്<br>• ഫ്രണ്ട് ഓഫീസും സൈൻ ബോർഡുകളും<br>• ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി<br>സ്പെഷ്യലിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിനായി സെൻട്രൽ സോണിലും, നോർത്ത് സോണിലും ഇന്റർവ്യൂ നടത്തുകയും 3 സ്പെഷ്യാലിസ്റ്റുമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി പൂർത്തിയാക്കിയിട്ടുള്ള 7 ഡോക്ടർമാരെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്.<br><br>ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് 39 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ഉച്ചയ്ക്ക് ശേഷവും ലാബുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി അശുപത്രികളിൽ ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളുമായി എന്തൊക്കെ കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാനായി, ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് 50 സ്വകാര്യ/ പൊതുമേഖലാ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് 39 സ്വകാര്യ ആശുപത്രികളുമായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പണം നൽകാതെ കാൻസർ ചികിത്സ ലഭ്യമാക്കാനായി മലബാർ |

| | | |
|---|---|---|
| | | കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നീ ആശുപത്രികളുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) ഇ.എസ്.ഐ.യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) യും | ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല. |
| (ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) യും | |

**സെക്ഷൻ ഓഫീസർ**